## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *207

07.07.2015-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>,, എ.കെ. ബാലൻ<br>,, കെ. ദാസൻ<br>,, സി.കെ. സദാശിവൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | (എ) യും (ബി) യും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ ലഭ്യമാക്കുന്നതിലെ വീഴ്ച മൂലമുണ്ടാകുന്ന ധനനഷ്ടവും ദുരനുഭവങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ഡി) അന്തിയുറങ്ങാൻ കൂരയില്ലാതെയും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട് ഗഡുക്കൾ ലഭിക്കാതെയും മറ്റും ഇവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ധനസഹായം യഥാസമയം നൽകി വരുന്നതിനാൽ വീഴ്ചകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഭവനരഹിതരായവർക്കെല്ലാം വീട് നിർമ്മിച്ചു നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ? | (ഇ) ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ.

(1) ഗൃഹശ്രീ ഭവന പദ്ധതി.
(2) സാഫല്യം ഭവന പദ്ധതി.
(3) ഇന്നൊവേറ്റീവ് ഭവന പദ്ധതി.
(4) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
(5) എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി.
(6) എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണിചെയ്യുന്ന പദ്ധതി.

ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG)-ൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സർക്കാരിനു വേണ്ടി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. ഒന്നാം ഘട്ടമെന്ന നിലയിൽ (2013-14 വർഷത്തിൽ) 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 10.50 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സ്പോൺസർ ചെയ്യാൻ സന്നദ്ധത ക്ഷണിച്ചതു പ്രകാരം 14 ജില്ലകളിലായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും യോഗ്യരായ 525 ഗുണഭോക്താക്കൾക്കുള്ള സ്പോൺസർമാരെ ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. ടി 525 പേർക്കും ഉള്ള സ്പോൺസർഷിപ്പ് തുകയും ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഗുണഭോക്താവിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബോർഡ് നിഷ്കർഷിക്കുന്ന യോഗ്യത/നിർമ്മാണ മാനദണ്ഡങ്ങൽ പാലിച്ചിട്ടുണ്ടെന്നുറപ്പ് വരുത്തി ധനസഹായം അനുവദിച്ച് വരുന്നു.

2014-15 വർഷത്തിൽ ഗൃഹശ്രീ പദ്ധതി (രണ്ടാം ഘട്ടം) പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള 14.19 കോടി രൂപ ഉപയോഗപ്പെടുത്തി 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർമാരെ കണ്ടെത്തിയിട്ടുണ്ട്. ടി 709 പേർ സ്പോൺസർ ചെയ്ത ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചുവരുന്നു.

2015-16 വർഷത്തിൽ ഗൃഹശ്രീ പദ്ധതി (മൂന്നാം ഘട്ടം) പ്രകാരം അനുവദനീയമായ വീടുകൾക്കായി സ്പോൺസർമാർ സ്പോൺസർഷിപ്പ് തുക ഭവന നിർമ്മാണ ബോർഡിൽ ഒടുക്കി വരുന്നു.

സാഫല്യം ഭവന പദ്ധതി

കേരളത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ EWS വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഒന്നാംഘട്ടമായി കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും, തൃശ്ശൂരിൽ പുതുക്കാട് 48 ഫ്ലാറ്റുകളും, എറണാകുളത്ത് ചോറ്റാനിക്കരയിൽ 54 ഫ്ലാറ്റുകളും നിർമ്മിച്ചു വരുന്നു. എറണാകുളത്ത് ഇലഞ്ഞിയിൽ 48 ഫ്ലാറ്റുകളും പാലക്കാട് ലക്കിടി പേരൂരിൽ 66 ഫ്ലാറ്റുകളും മലപ്പുറത്ത് ഊരകത്ത് 48 ഫ്ലാറ്റുകളും കാസർഗോഡ് ചെമ്മനാട് 24 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൂടാതെ കോഴിക്കോട് ചേളന്നൂരിൽ 3 നില ഫ്ലാറ്റിന്റെ പണികളും നടന്നുവരുന്നു.

ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗരങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിനു പുറത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഇന്നൊവേറ്റീവ് ഭവന പദ്ധതിയിലൂടെ ഇതുവരെ 188 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പൂജപ്പുരയിൽ മൂന്നും നാലും ഘട്ടങ്ങളിലായി 48 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു.

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി ഉപയോഗിക്കുന്നതിന് ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 36 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു. കാസർഗോഡ് മൂന്നാം ഘട്ടമായി 12 ഫ്ലാറ്റുകളുടെയും തൃശ്ശൂരിൽ കുട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകളുടെയും നിർമ്മാണം നടന്നുവരുന്നു.

എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി

1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി 2008 -ൽ നടപ്പിലാക്കിയ പദ്ധതിയാണിത്. ജനറൽ വിഭാഗത്തിന് 75,000/- രൂപയും എസ്.സി വിഭാഗത്തിന് 1 ലക്ഷം രൂപയും, എസ്. റ്റി വിഭാഗത്തിന് 1,25,000/- രൂപയുമാണ് സർക്കാർ സബ്സിഡി തുക. ഈ പദ്ധതി പ്രകാരം 28.02.2015 വരെ 56 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 12835 വീടുകൾക്ക് 55.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പു മുഖേന നടപ്പിലാക്കിയാൽ മതി എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത്.

എം.എൻ.ലക്ഷം വീട് മേൽക്കൂര പുതുക്കിപ്പണിയുന്ന പദ്ധതി

2012- ൽ നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം മേൽക്കൂര പുതുക്കിപ്പണിയുന്നതിന് 10,000/- രൂപ സർക്കാർ സബ്സിഡിയായി അനുവദിച്ചു വരുന്നു. ടി പദ്ധതിയ്ക്കായി 2011-12- ൽ 1.5 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 31.05.2015-വരെ 617 വീടുകൾക്ക് 61.70 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 2. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായി മാത്രം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ 950 വീടുകൾ നിർമ്മിക്കുന്നതിനും 2014-15 വർഷത്തിൽ 749 വീടുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കി വരുന്നു.

## 3. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

ജനകീയാസൂത്രണ പദ്ധതിയിലെ ഭവന പദ്ധതി, ആശ്രയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ IHSDP, BSUP, RAY എന്നിവയിലെ ഭവന നിർമ്മാണ പദ്ധതികളുമാണ് നഗരസഭകളിൽ പ്രാബല്യത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ അനുവദിച്ച നിർമ്മാണ പ്രവർത്തികളും നടത്തിവരുന്നു. ഇ.എം.എസ് ഭവന പദ്ധതിയുടെ കാലാവധി 31.03.2012- ന് അവസാനിച്ചുവെങ്കിലും ടി കാലയളവിന് മുമ്പ് കരാർ വച്ച ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. 2011- ജൂണിൽ ആരംഭിച്ച രാജീവ് ആവാസ് യോജന (RAY) ചേരി രഹിത നഗരങ്ങൾ നിർമ്മിക്കുന്ന ഉദ്ദേശ്യശുദ്ധിയോടെ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലുമാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കുടുംബശ്രീയാണ് RAY പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി, IHSDP പദ്ധതിയുടെ നിർവ്വഹണ കാലാവധി 2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## 4. സൈനിക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

സൈനിക ക്ഷേമ വകുപ്പ് വഴി ഭവന രഹിതരായ സേവനത്തിനിടയിലും, പരിശീലനകാലത്തും അംഗവൈകല്യം ബാധിച്ച് മടങ്ങി വരുന്ന ജവാന്മാർ, യുദ്ധത്തിലോ സേവനത്തിനിടയിലോ മരണപ്പെട്ട ജവാന്മാരുടെ ഭാര്യ/ആശ്രിതർ എന്നിവർക്കും മേൽപറഞ്ഞ വിഭാഗത്തിലെ അപേക്ഷകരുടെ അഭാവത്തിൽ ഭവനരഹിതരായ 60 വയസ്സിൽ താഴെയുള്ള വിമുക്ത ഭടന്മാർക്കും നിബന്ധനകൾക്ക് വിധേയമായി 1 ലക്ഷം രൂപ ഭവന നിർമ്മാണ ഗ്രാന്റായി നൽകി വരുന്നു.

## 5. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി (2014-15), സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി (2014-15) പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവയാണ് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ.

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി (2014-15) പ്രകാരം 800 വീടുകളും സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി (2014-15)-ൽ ഉൾപ്പെടുത്തി 1800 വീടുകളും നിർമ്മിക്കുന്നതിനുള്ള ധനസഹായം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. ടി രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായി നൽകുന്നത്. ഇത് 3 ഗഡുക്കളായാണ് അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവനരഹിതരായ 9173 മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകി.